2025- 2026

ഗവ: എൽ.പി.എസ്സ്

മുതുകുളം.

# അക്കാദമിക്

# മാസ്റ്റർപ്ലാൻ

## ക്ലാസ്സ് - I

# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, സംയുക്തഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനപ്പട്ടതിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും കടന്നുപോകുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ ചേർന്ന് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്

# ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചനാശില്പശാലകൾ നടത്തുന്നു
* തീയറ്റർ സാധ്യതകൾ, വായനകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
*

* ആത്മവിശ്വാസത്തോടെ സ്വന്തം വായനയ്ക്ക് അവസരം ഒരുക്കുന്നു.
* സർഗ്ഗശേഷികൾ കൈവരിക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തീയറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.
* സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## പ്രവർത്തനങ്ങൾ

### ജൂൺ

1) സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
2) സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
3) അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം
4) താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.
5) ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.
6) ഒന്നൊരുക്കം പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

## ജൂലൈ

1) സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
2) കഥ പറയാൻ അവസരം ഒരുക്കൽ.
3) വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
4) പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.
5) ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
6) അക്ഷരപ്പാട്ടുകൾ, അഭിനയഗാനങ്ങൾ എന്നിവ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
7) ചിത്രവായനക്ക് അവസരം ഒരുക്കുന്നു. വാചികമായി അവതരിപ്പിക്കാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

1) റീഡേഴ്സ് തിയേറ്റർ, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ- നൽകി ഭാഷാവികസനത്തിന് അവസരം-
2) പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു-
3) രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു
4) ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
5) ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഉൾപ്പെടുന്നു

## സെപ്റ്റംബർ

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു
* വ്യക്തിഗത രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമാക്കി മാറ്റുന്നു.

## ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനയ്ക്ക് അവസരമൊരുക്കുന്നു.
* സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുകയും, കഥകളും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു

## നവംബർ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തുന്നു.
* കൂട്ടുവായന, പാട്ടുവായന, വീട്ടുവായന, ചിത്രവായന എന്നിവയെ പ്രോത്സാഹിപ്പിക്കൽ.
* വായനോത്സവം പുരോഗമിക്കുന്നു.
* രചനോത്സവം മുന്നേറുന്നു.
* ചിത്രവായനയ്ക്ക് അവസരമൊരുക്കൽ.
* താളാത്മകമായി കവിതകൾ ചൊല്ലൽ.

## ഡിസംബർ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും നൂതനമായ രീതിയിൽ അവതരിപ്പിക്കുന്നു.
* രചനാശേഷി പരിപോഷിപ്പിക്കൽ.
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ലഘു കഥകൾ, കവിതകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോരാതെ പറയാനും എഴുതാനും കഴിയുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പരസ്പര പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.

## ജനുവരി

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചനാശില്പശാലകൾ നടത്തുന്നു.
* തിയേറ്റർ സാധ്യതകൾ, വായനക്കളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നു.
* മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോകളിൽ ആക്കുന്നു.
* സ്വന്തം രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു - മികവുകൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നു.

## ഫെബ്രുവരി.

× ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
× കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
× ആശയപൂർണ്ണതയോടെ തനതായ രചനകൾ നടത്തുന്നു.

## മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
× വീട്ടു വായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചങ്ങല വായന, ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു

# ഗണിതം

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം ചിന്തകളി പ്പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസ്സിൽനിന്ന് തന്നെ ലളിത-പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു
- അഞ്ച് വരെ സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു വായിക്കുന്നു-
- ഒമ്പതിന് താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു-
- സംഖ്യകളെ ആരോഹണ-അവരോഹണ ക്രമത്തിൽ ആക്കുന്നു
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.

## ഒക്ടോബർ

ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ-
ഗണിതകളികളിൽ ഏർപ്പെടൽ.

## നവംബർ

ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു-

## ഡിസംബർ

സംഖ്യകൾ ആരോഹണ- അവരോഹണ ക്രമത്തിൽ എഴുതൽ
ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
സങ്കലനം, വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു
ഒന്ന് മുതൽ 10 വരെ സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

വിലവിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു
ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു-
സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയുന്നു.

# English

## Preface

The goal for the first grader is to handle english fluently. He must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like malayalam. We have to keep the language close to our heart.

The academic master plan is designed to ensure that not a single child goes illiterate

## Objectives and learning outcomes.

- responds to simple instructions in class.
- describe orally about pictures and objects
- familiarise with simple words
- enjoy songs and sings them with rhythm and action
- familiarise the names of birds, animals and identifies them from their young ones pictures

## June

introduce simple words.
provide picture cards

## July

identify familiar words.
say, read and write familiar words.
Beehive activities.

## August.

enjoy songs and sings them with rhythm and action.
describes orally about pictures and objects using adjectives.

## September.

read and write simple words and sentences.
provides picture cards and reading cards.

## October.

introduce simple picture descriptions.
make word chain, sentence chain.
make riddles
describing words, rhyming words
text book activities

## November.

prepare reading cards.
provide more opportunities to read, write and speak english.
write five english words daily.

## December.

read and understand simple instructions in the classroom.

encourage digital reading.

## January.

enjoy songs and sings them with rhythm and action.

make picture albums.

collect pictures of animals and its young ones.

## February.

provide the opportunity to express myself in the classroom.

english assembly once in a week.

## March.

speaks english fluently.

read and write simple sentences.

picture reading and picture description

Headmistress
GLPS Muthukulam South

# Academic Master Plan

## Class-II

# ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം.

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതി മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.

# പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

* എല്ലാ കുട്ടികളുടേയും ആശയഗ്രഹണവായന ഉറപ്പാക്കുക.

* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* വർഷാവസാനത്തിൽ സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, കഥ, ലഘു വിവരണം എന്നിവ തയ്യാറാക്കുന്നു.

* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ, എഴുതു ചൊല്ലുകയും ചെയ്യുന്നു.

# മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥകൾ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ വിഭവവും പിന്നോക്കകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കൽ.

# പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

* ചിത്രക്കാർഡുകൾ നൽകൽ
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായന സാമഗ്രികൾ നിർമിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്ത്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം
* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾ രംഗാവിഷ്കാരം ചെയ്യൽ.

ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

  ഉദാ: ആന
  വലിയ ആന
  കറുത്ത വലിയ ആന.

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാസികകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കുന്ന ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുറപ്പ് വരുത്തൽ ഭാഷണം, ലേഖനം, എഴുത്ത്. കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ, മാഗസിൻ തയ്യാറാക്കൽ, ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാഗസിൻ തയ്യാറാക്കൽ.

വീട്ടു വായന, കൂട്ട വായന, നാട്ടു വായന, അമ്മ വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കുക.

# മുന്നൊരുക്കം

ഗണിതാശയത്തിൽ കുട്ടി കൈവരിച്ച നിലവാരത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നു.

# പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം തുടങ്ങിയവയുള്ള ശേഷി ഉറപ്പിക്കൽ.
* സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി കുറയുന്നു. വ്യത്യാസം. (100-ന് താഴെ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ രണ്ടും എന്ന ലെവലിൽ ഗണിക്കുവാൻ

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്താൻ.

* 1, 2, 3, 4 ......
  1, 3, 5, 7 ....
  10, 20, 30, 40 ....
  5, 10, 15, 20 ....
  2, 4, 6, 8 .... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്താൻ.

* ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കാൻ.

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയാൻ.

* ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഒപ്പിക്കാൻ

* പത്തിന്റെയും അഞ്ചിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കാൻ. (5+5=10, 10+10=20)

* വിവിധ പാറ്റേണുകൾ രൂപീകരിക്കാൻ

* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്താൻ.

* 99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നാൽ 100

* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂട്ടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

* ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.

* വിലവിവരപ്പട്ടിക തയ്യാറാക്കൽ.

* ക്ലാസിലൊരു കട സ്കൂളിലൊരു കട. ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലേക്ക് ഉറപ്പിക്കുന്നു.

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

* സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

* സ്ഥാന വില തിരിച്ചറിയൽ (1, 10)

* പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേനവെട്ടി തയ്യാറാക്കി സംഖ്യ ഗ്രഹിക്കുന്നു.

* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ,
കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ
10 രൂപ + 5 രൂപ = 15 രൂപ.
(നോട്ട്, നാണയം)

* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി
സ്ഥാനവില പോക്കറ്റ്, അബാക്കസ്.

* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താൻ
വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു

* ഗണിതം ആസ്വാദ്യകരമാക്കാൻ ഗണിതപ്പാട്ടുകൾ
* ഉല്ലാസ ഗണിതം materials ഉപയോഗിച്ച്
ഗണിത പ്രശ്ന പരിഹാരം.

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
ചുവന്ന, കറുത്ത അക്കങ്ങൾ തിരിച്ചറിവ്

* മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം
കണ്ടെത്തൽ.
* കലണ്ടർ സംഖ്യാബന്ധം, പട്ടേൺ രൂപീകരണം

* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ
കൈകാര്യം ചെയ്യാൻ പ്രാപ്തരായി
കഴിയുക.

Aim :- To speak, Read and write English without any mistakes.

Pretest :- To develop listening skills and reading skills first.

Listening skills :- Games, Actionsongs, Hello english activities, Conversations, skit, stories.

use ICT :- speaking skills, Descriptions, growing sentences, Picture reading, book review, reading breaking news, find words, collect and read past tens, rhyming words, describing words etc Texbook activities.

Writing skills :- Make word web, Picture description, word chain sentence chain, make words and sentences make riddles, conversations, Add more lines, develop story, description, notice proclamation, diary, letter, announcement, magazines.

# 2025-26

# ഗവ: എൽ.പി.എസ്
# മുതുകുളം സൗത്ത്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 3

## ആമുഖം

മൂന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും, അധ്യാപകനും ലക്ഷ്യം വയ്ക്കുന്നത്. വായന, എഴുത്ത്, വിവിധ വ്യവഹാരരൂപങ്ങൾ, സർഗാത്മക ഡയറി, സ്വന്ത രചനകൾ, സ്വന്തമായ പ്രതികരണങ്ങൾ എന്നിങ്ങനെയുള്ള വിവിധ മേഖലകൾ കുട്ടികൾ കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങളോടൊപ്പം തന്നെ കുട്ടികളുടെ ശാരീരികവും, മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കൂടി സ്വായത്ത-മാക്കണം എന്ന് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും, രക്ഷിതാവും, അധ്യാപികയും കടന്നു പോകുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ കുട്ടി നേടേണ്ട എല്ലാ ശേഷികളും ഉൾപ്പെടുത്തിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇംഗ്ലീഷ് ഭാഷയ്ക്കും, ഗണിതത്തിനും, പരിസര പഠനത്തിനും ഒരു പോലെ പ്രാധാന്യം നൽകിയിരിക്കുന്നു. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ പഠനം ആസ്വാദ്യകരമാക്കാവുന്നതാണ്.

# മലയാളം

## ലക്ഷ്യങ്ങൾ

- സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ പ്രയോഗിക്കും.
- കവിതകളും, പാട്ടുകളും ആശയ വ്യക്തതയോടെ ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി അവതരിപ്പിക്കും.
- ആസ്വദിച്ച ഭാഷാംശങ്ങൾ (കഥ, കവിത, നാടൻപാട്ട്) ഹൃദിസ്ഥമാവുകയും, പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുക.
- ലഘുവായ സർഗാത്മക രചനകൾ നടത്തുക.
- കഥകളേയും, കവിതകളേയും, നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും.

## ജൂൺ - ജൂലൈ - ആഗസ്റ്റ് — പ്രവർത്തനങ്ങൾ

- നാടൻ പാട്ടുകൾ ശേഖരണം.
- പഴഞ്ചൊല്ലുകൾ ശേഖരണം.
- കഥാശേഖരം
- കവിത ചൊല്ലൽ - ശില്പശാല (നാടൻ പാട്ട്, കവിത)
- കഥോത്സവം
- കടങ്കഥ ശേഖരണം
- കലയിലെ കേമൻ - കലാകാരന്മാരുമായി അഭിമുഖ സംഭാഷണം.
- കലാരൂപങ്ങൾ (ചിത്രശേഖരണം)
- പാവനാടകം അടുത്തറിയാം - ശില്പശാല

സെപ്റ്റംബർ, ഒക്ടോബർ, നവംബർ

- കുട്ടികൾ വരച്ച ചിത്രങ്ങൾ ഉള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വെയ്ക്കൽ.
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പാചകക്കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ തയ്യാറാക്കൽ
- ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം.
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

ഡിസംബർ

- നാടോടിക്കഥകളുടെ അവതരണം.
- നാടൻ പാട്ടുകളുടെ അവതരണം.
- പാവനാടകം അവതരണം

ജനുവരി, ഫെബ്രുവരി, മാർച്ച്

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ അവതരണം
- കൃഷിചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ, വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല
- പഠനോത്സവം

# ഗണിതം

## പഠനലക്ഷ്യങ്ങൾ

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.
- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ
- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- നീളം, ഭാരം, സമയം തുടങ്ങിയ അടിസ്ഥാന ധാരണകൾ ഉറപ്പിക്കുന്നു.

## പഠനപ്രവർത്തനങ്ങൾ

- ജൂൺ - ജൂലൈ
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ.
- തോരണം നിർമ്മാണം, തോണി നിർമ്മാണം, വെണ്ടക്കയിൽ പ്രിന്റിംഗ്
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർന്നു വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.
- ആഗസ്റ്റ് - സെപ്റ്റംബർ

ഓരോ കുട്ടിക്കും കണക്കു പെട്ടി

- ഒന്നു മുതൽ 100 വരെ എഴുതിയ ടോക്കൺ
- കളിനോട്ടുകൾ
- കമ്പ് കെട്ടുകൾ
- സംഖ്യാ സ്ട്രിപ്പുകൾ
- അബാക്കസ് നിർമ്മാണം

ഒക്ടോബർ - നവംബർ

· പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം

ഡിസംബർ

· സ്കെയിൽ നിർമ്മാണം

· കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം എന്നിവ കാണിക്കൽ

ജനുവരി - ഫെബ്രുവരി

· ഗണിത വസ്തുത കാർഡ് നിർമ്മാണം

മാർച്ച്

· പഠനോത്സവം

# English

## Aim

- To speak, Read & Write English without any mistakes. (June - March)
- To check the vocabulary and writing skills of pupils.

## Activities

June - July

- Games, Action songs
- Conversation, Skil stories
- Identify the naming words from the picture.
- Identify the Action words
- Make the simple sentences using the word about the picture.
- Make simple description

August - September

- Books reading
- Find words
- TB - Activities
- Make word web
- Make riddles
- Add more lines

October - November

- Library books reading
- Read notice, Develop story
- Read notice
- Develop story
- Writing description
- Thoughts - writing

December - January

- Library books reading
- Conversation, skit stories
- Reads Diary

February - March

- Reading library books, conversations, stories
- Develop story
- Writing Diary, Descriptions, Thoughts, exhibition
- Padanolsavam

# പരിസര പഠനം

**ലക്ഷ്യം**

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും, താത്പര്യവും വളർത്തുക.

## പഠനപ്രവർത്തനങ്ങൾ

**ജൂൺ**

- ചെടികൾ നിരീക്ഷിക്കുന്നു.
- പ്രകൃതി നടത്തം
- വിത്ത് മുളപ്പിക്കൽ
- ഹരിത കാർഡ് നിർമ്മാണം

**ജൂലൈ**

- വ്യത്യസ്തതരം ജീവികളെ നിരീക്ഷണം . ചിത്രശേഖരണം
- മണ്ണ് നിരീക്ഷണം
- ജൈവ വൈവിധ്യ ഉദ്യാനം നിർമാണം

**ആഗസ്റ്റ്**

- മഴമാപിനി നിർമ്മാണം
- ജലസംരക്ഷണം - പോസ്റ്റർ നിർമ്മാണം
- മണ്ണ് നിരീക്ഷണം.
- മണ്ണ് കൊണ്ട് രൂപങ്ങൾ നിർമിക്കൽ
- മണ്ണ് കൊണ്ടുള്ള പരീക്ഷണങ്ങൾ

**സെപ്തംബർ**

- ശുചിത്വ പോസ്റ്റർ നിർമാണം
- ഇന്റർവ്യൂ - ആരോഗ്യ പ്രവർത്തകർ

ഒക്ടോബർ

· വർക്ക് ഷീറ്റ് - പഴം/പച്ചക്കറികൾ

· എന്റെ ആരോഗ്യ കാർഡ്

· BMI

· സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ

· പോസ്റ്റർ - ശരിയായ ഭക്ഷണ ശീലം

നവംബർ

· റോൾപ്ലേ - റോഡ് നിയമങ്ങൾ

· First aid kit തയ്യാറാക്കൽ

ഡിസംബർ

· സ്റ്റാമ്പ് നിർമാണം

· ദേശീയ പതാക വരയ്ക്കൽ, ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ

· ഭൂപട വായന

· എന്റെ കേരളം - ചിത്രരചന

ജനുവരി - ഫെബ്രുവരി

· ജീവികളുടെ കൂടുകൾ - ചിത്രശേഖരണം

· വ്യത്യസ്ത വീടുകൾ - ആൽബം

· വ്യത്യസ്ത തരം ജോലികൾ - സർവ്വേ

മാർച്ച്

പഠനോത്സവം

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## ക്ലാസ്സ് - 4

## ആമുഖം.

സാധാരണയായി വിദ്യാലയ വർഷാരംഭം മുതൽ തന്നെ വിവിധ വിഷയങ്ങളുടെ പഠനപ്രവർത്തനങ്ങൾ ചെയ്തു തുടങ്ങുന്നു. കുട്ടികളെ മുൻവിധി പ്രകാരം പാഠ്യപദ്ധതികൾ ചെയ്തു വരുമ്പോൾ ചില കുട്ടികളും പഠനം എന്നത് പ്രയാസകരമാണെന്നുള്ള ധാരണയിലേക്ക് വീണു പോകുന്നു. ഇതിൻമേൽ കുട്ടികൾക്ക് യാതൊരു വിധത്തിലുമുള്ള ജ്ഞാനം ലഭിക്കാതെയും വരുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം മുഴുവൻ കുട്ടികൾക്കും പൂർണ്ണമായും ലഭിക്കാനും, മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസര പഠനം, എന്നീ വിഷയങ്ങളെ കുട്ടികൾക്ക് യാതൊരു വിധത്തിലും പ്രയാസം കൂടാതെ കൈകാര്യം ചെയ്യുവാനും സ്വന്തം ആശയങ്ങളും, ചിന്തകളും സർഗാത്മക കഴിവുകളെ ഉണർത്തുന്നതിനും വ്യക്തമായ ധാരണ ഓരോ അധ്യാപകരിലും ഉണ്ടായിരിക്കേണ്ടതാണ്.

എല്ലാ കുട്ടികൾക്കും മുഴുവൻ മേഖലയിലും മികച്ച അറിവും, ഐടിയും ലഭിക്കുവാൻ ഒരു വർഷ കാലാവധിയിൽ നിർമ്മിച്ചിരിക്കുന്ന ഈ മാസ്റ്റർ പ്ലാൻ എല്ലാ രീതിയിലും കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഒരുക്കുവാൻ പ്രാപ്തമാണ്.

# മലയാളം

I * മധുരം മലയാളം

* കാലയളവ് :- ജൂൺ - മാർച്ച്
* ലക്ഷ്യം :- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
* പ്രവർത്തനം:-

ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ, വായന കാർഡുകൾ മറ്റും നൽകുക, വായനയുടെ ഓഡിയോ / വീഡിയോ അവതരിപ്പിക്കൽ.

* ചുമതല: എസ്.ആർ.ജി, ക്ലാസ് ടീച്ചർ.

II * വായിക്കാം വളരാം

- കാലയളവ് :- ജൂൺ - മാർച്ച്
- ലക്ഷ്യം :- വായന ശേഷി വളർത്തൽ
- പ്രവർത്തനം :- ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനക്കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന
-

III * എഴുതാം തെളിയാം

- കാലയളവ് :- പ്രതിമാസം
- ലക്ഷ്യം :- എഴുത്ത് പരിപോഷിപ്പിക്കൽ
- പ്രവർത്തനം :- പാഠഭാഗങ്ങളിൽ നിന്നും, പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ, സർഗാത്മക രചന, കവിത പൂർത്തിയാക്കൽ, ചിത്ര നിരീക്ഷണ കഥ നിർമ്മിക്കൽ

IV :- പുരോഗമനസാഹിത്യ സംഘടന

- കാലയളവ് :- സ്വാതന്ത്ര്യാനന്തരം
- ലക്ഷ്യം :- ജനങ്ങളെ ബോധവൽക്കരിക്കൽ, സാഹിത്യത്തെ ജനകീയമാക്കൽ.
- പ്രവർത്തനം :- സാഹിത്യകാരന്മാരുമായി ചേർന്ന് സാഹിത്യ ചർച്ചകൾ സംഘടിപ്പിച്ച് സാഹിത്യത്തെ ജനകീയമാക്കി സമൂഹത്തിലേക്ക് സാഹിത്യത്തെ എത്തിക്കുന്നു.

V :- കണ്ടറിയാം.... കേട്ടറിയാം...

- കാലയളവ് :- സ്വാതന്ത്ര്യാനന്തരം
- ലക്ഷ്യം :- അറിവ് ഗോത്രജനങ്ങളിലേക്ക് എത്തിക്കൽ
- പ്രവർത്തനം :- പാരമ്പര്യവുമായി ബന്ധപ്പെട്ട വിവിധ വിഭവങ്ങൾ, വിവിധ നാടൻകലാരൂപങ്ങളെ പരിചയപ്പെടുത്തൽ പ്രദർശിപ്പിക്കൽ.

VI :- വരച്ചുതീരാം....

- കാലയളവ് :- വർഷത്തിലൊന്ന്
- ലക്ഷ്യം :- നന്മയുടെ പാഠം, നാടൻ കലകളുടെ പരിചയപ്പെടുത്തൽ.
- പ്രവർത്തനം :- ചിത്രരചന, പാട്ടുകൾ തുടങ്ങിയ പരിപാടി നിർമ്മാണം. ക്ലാസിൽ മത്സരം നടത്തുന്നു.

VII :- എഴുത്ത്.... കേട്ടറിയാം... [സാഹിത്യകാരന്മാർ]

- കാലയളവ് :- സ്വാതന്ത്ര്യാനന്തരം
- ലക്ഷ്യം :- സാഹിത്യകാരന്മാരുടെ ജനന - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഓർമ്മിക്കൽ.

• പ്രവർത്തനം :- ഓർമ്മദിനങ്ങൾ ആചരിക്കൽ, പുസ്തക പരിചയം, ഡോക്യുമെന്ററി പ്രദർശനം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം

viii ✲ കലക്കൂട്ട്....

• കാലയളവ് :- വർഷത്തിൽ ഒന്ന്
• ലക്ഷ്യം :- പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ.
• പ്രവർത്തനം :- പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം

ix ✲ സർഗ്ഗോത്സവം....

• കാലയളവ് :- വർഷത്തിലൊരിക്കൽ
• ലക്ഷ്യം :- ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.
• പ്രവർത്തനം :- കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം.

# ഇംഗ്ലീഷ്.

* ഇംഗ്ലീഷ് അസംബ്ലി.
  - കാലാവധി : ജൂൺ - മാർച്ച്
  - ലക്ഷ്യം : ഇംഗ്ലീഷ് നല്ലപോലെ വായിക്കാനും സംസാരിക്കാനുമുള്ള, എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ.
  - പ്രവർത്തനം : മാസത്തിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി ചേരൽ. അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്.

* ഇംഗ്ലീഷ് ഡയറി
  - കാലാവധി : ആഴ്ചയിൽ രണ്ട് ദിവസം, വർഷം മുഴുവൻ
  - ലക്ഷ്യം : തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി
  - പ്രവർത്തനം: വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു

41 * ഇംഗ്ലീഷ് തിയേറ്റർ
  - കാലാവധി : മാസത്തിൽ ഒന്ന്
  - ലക്ഷ്യം : സർഗാത്മകതാ പരിപോഷണം
  - പ്രവർത്തനം : ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ, സ്കിറ്റ്, ഡ്രാമ, സംഭാഷണം, കഥ പറച്ചിൽ.

IV ∗ ഇംഗ്ലീഷ് മാഗസിൻ.

- കാലാവധി : മൂന്ന് മാസത്തിൽ ഒന്ന്.
- ലക്ഷ്യം : സർഗാത്മകതാ രചനാ ശേഷി വികസനം
- പ്രവർത്തനം : മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ.

V ∗ ഇംഗ്ലീഷ് കൈയെഴുത്ത്.

- കാലാവധി : എല്ലാ മാസവും.
- ലക്ഷ്യം : ഇംഗ്ലീഷ് ഭാഷയിലൂടെ രചനാ മികവ്
- പ്രവർത്തനം : സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്.

VI ∗ ഇംഗ്ലീഷ് കോർണർ

- കാലാവധി : വർഷം മുഴുവൻ
- ലക്ഷ്യം : വായനാ പരിപോഷണം
- പ്രവർത്തനം : കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ. വായന വേദി ഒരുക്കൽ.

VII ∗ ഇംഗ്ലീഷ് ഫെസ്റ്റ്

- കാലാവധി : മൂന്ന് മാസത്തിലൊരിക്കൽ.
- ലക്ഷ്യം : ഇംഗ്ലീഷ് നന്നായി എഴുതാനും, പറയാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ.
- പ്രവർത്തനം : വായനാ മത്സരം, രചനാമത്സരം മറ്റ് സർഗാത്മക പ്രവർത്തന അവതരണം.

# പരിസര പഠനം.

I * പ്രകൃതി നടത്തം

- കാലയളവ് : ജൂൺ - ആവശ്യാനുസരണം
- ലക്ഷ്യം : നിരീക്ഷണം, അറിവു നിർമ്മാണം.
- പ്രവർത്തനം: പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

II * ശാസ്ത്ര മേള.

- കാലയളവ് : അക്കാദ് വർഷം മുഴുവൻ
- ലക്ഷ്യം : ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ
- പ്രവർത്തനം: ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ

III * ശാസ്ത്ര യാത്ര.

- കാലയളവ് :- ആവശ്യാനുസരണം
- ലക്ഷ്യം : വാനനിരീക്ഷണം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, പ്രാദേശിക കേന്ദ്രങ്ങൾ സന്ദർശനം, വിദഗ്ധരുമായി അഭിമുഖം

IV * ഭൂപട ഒരുക്കാം.

- കാലയളവ് : വർഷത്തിലൊന്ന്
- ലക്ഷ്യം : കേരള, ഇന്ത്യ - ഭൂപട വായന, സ്ഥാനിക പരിചയപ്പെടൽ

• പ്രവർത്തനം: പത്രവാർത്ത, പത്രരചന, സചിത്ര നിർമ്മാണം, പ്രദർശനം. പ്രമേയങ്ങൾക്കനുസരിച്ച് ക്രോഡീകരിക്കൽ.

V *. ശാസ്ത്ര വിസ്മയ ചുമർ.
• കാലയളവ് : ആവശ്യാനുസരണം
• ലക്ഷ്യം : ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.
• പ്രവർത്തനം: പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം – ഇവയുടെ പ്രവർത്തന വിശദീകരണം

VI *. ശാസ്ത്ര മാസിക.
• കാലയളവ് :- വർഷത്തിലൊന്ന്
• ലക്ഷ്യം : ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന
• പ്രവർത്തനം: ശാസ്ത്ര മാസികകളുടെ നിർമ്മാണം.

VII *. വ്യക്തി സ്വാതന്ത്ര്യം, നിയമബോധം.
• കാലയളവ് : ആവശ്യാനുസരണം
• ലക്ഷ്യം : വ്യക്തി സ്വാതന്ത്ര്യം, നിയമബോധം, അവകാശ [illegible]ത്തിലെ അറിവുനേടൽ
• പ്രവർത്തനം: പ്രാദേശിക പൊതുസ്ഥാപന സന്ദർശിച്ച് പൗര പ്രമുഖരുമായി സംവദിക്കുന്നു.

# ഗണിതം

* കളിക്കാം... ഗണിക്കാം.

- കാലയളവ് :- ജൂൺ - മാർച്ച്
- ലക്ഷ്യം :- ഗണിത പഠനം രസകരമാക്കാൻ, ചതുഷ്ക്രിയകൾ ലളിതമാക്കൽ
- പ്രവർത്തനം :- വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ, മൂല്യനിർണയം, ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം - വ്യവകലനം, കച്ചവടക്കളി.

* ഗണിത ലാബ് – ഗണിതമേള

- കാലയളവ് :- ജൂൺ - ജൂലൈ മാർച്ച്
- ലക്ഷ്യം :- ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ
- പ്രവർത്തനം :- ഗണിത ലാബ്, ക്ലാസ് ഗണിത മേള ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ

* ഒറിഗാമിയിലൂടെ പഠിക്കാം...

- കാലയളവ് :- ജൂൺ - ജൂലൈ
- ലക്ഷ്യം :- ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ കര - ചലന ശേഷി വികാസം
- പ്രവർത്തനം :- ഒറിഗാമികളുടെ നിർമ്മാണം പ്രദർശനം, ഗണിത രൂപങ്ങൾ പരിചയപ്പെടൽ

* ഗണിതച്ചുമർ
* കാലയളവ് : വർഷം മുഴുവൻ
* ലക്ഷ്യം : ഗണിത ആശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയുന്നു.
* പ്രവർത്തനം: ഗണിതച്ചുമർ ഒരുക്കൽ, ഗണിത ആശയങ്ങളും ചിഹ്നങ്ങളും ഉപയോഗപ്പെടുത്തൽ. കുട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തൽ

* ഗണിത പഠനോപകരണ ശില്പശാല
* കാലയളവ് : വർഷത്തിലൊന്ന്
* ലക്ഷ്യം : പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ.
* പ്രവർത്തനം: പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം.

* ഗണിത മേള.
* കാലയളവ് :- വർഷത്തിലൊന്ന്
* ലക്ഷ്യം : ഗണിത ശേഷികളുടെ പ്രകടനം
* പ്രവർത്തനം: പ്രശ്നോത്തരി, പസിൽ നിർമ്മാണം, പഠന ഉൽപന്നങ്ങളുടെ പാറ്റേൺ നിർമ്മാണം, പ്രദർശനം.